ചെറിയമുണ്ടം അബ്ദുൽഹമീദ്

ഖുർആനിനെ കണ്ടെത്തൽ അധ്യായം 3, ആലുഇംറാൻ

# കപടന്മാരുടെ അവസരവാദം

١٦٥ أَوَلَمَّآ أَصَٰبَتۡكُم مُّصِيبَةٞ قَدۡ أَصَبۡتُم مِّثۡلَيۡهَا
قُلۡتُمۡ أَنَّىٰ هَٰذَاۖ قُلۡ هُوَ مِنۡ عِندِ أَنفُسِكُمۡۗ
إِنَّ ٱللَّهَ عَلَىٰ كُلِّ شَيۡءٖ قَدِيرٞ ١٦٥

നിങ്ങൾക്ക് ഒരു വിപത്ത് നേരിട്ടു. അതിന്റെ ഇരട്ടി നിങ്ങൾ(ശത്രുക്കൾക്ക്) വരുത്തിവെച്ചിട്ടുണ്ടായിരുന്നു. എന്നിട്ടും നിങ്ങൾ പറയുകയാണോ; ഇതെങ്ങനെയാണ് സംഭവിച്ചതെന്ന്? (നബിയേ), പറയുക: അത് നിങ്ങളുടെ പക്കൽ നിന്നുതന്നെ ഉണ്ടായതാകുന്നു. തീർച്ചയായും അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു.

١٦٦ وَمَآ أَصَٰبَكُمۡ يَوۡمَ ٱلۡتَقَى ٱلۡجَمۡعَانِ فَبِإِذۡنِ ٱللَّهِ
وَلِيَعۡلَمَ ٱلۡمُؤۡمِنِينَ ١٦٦

രണ്ടു സൈനികസംഘങ്ങൾ ഏറ്റുമുട്ടിയ ദിവസം നിങ്ങൾക്ക് ബാധിച്ച വിപത്ത് അല്ലാഹുവിന്റെ അനുമതിയോടെ തന്നെയാണുണ്ടായത്. സത്യവിശ്വാസികളെ അവന് തിരിച്ചറിയാൻ വേണ്ടിയുമാകുന്നു അത്.

١٦٧ وَلِيَعۡلَمَ ٱلَّذِينَ نَافَقُواْۚ وَقِيلَ لَهُمۡ تَعَالَوۡاْ قَٰتِلُواْ
فِي سَبِيلِ ٱللَّهِ أَوِ ٱدۡفَعُواْۖ قَالُواْ لَوۡ نَعۡلَمُ قِتَالٗا
لَّٱتَّبَعۡنَٰكُمۡۗ هُمۡ لِلۡكُفۡرِ يَوۡمَئِذٍ أَقۡرَبُ
مِنۡهُمۡ لِلۡإِيمَٰنِۚ يَقُولُونَ بِأَفۡوَٰهِهِم مَّا لَيۡسَ
فِي قُلُوبِهِمۡۚ وَٱللَّهُ أَعۡلَمُ بِمَا يَكۡتُمُونَ ١٦٧

നിങ്ങൾ വരൂ. അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യൂ, അല്ലെങ്കിൽ ചെറുത്തുനിൽക്കുകയെങ്കിലും ചെയ്യൂ' എന്ന് പറയപ്പെട്ടാൽ, 'യുദ്ധമുണ്ടാകുമെന്ന് ബോധ്യമുണ്ടായിരുന്നെങ്കിൽ ഞങ്ങളും നിങ്ങളുടെ പിന്നാലെ വരുമായിരുന്നു' എന്ന് പറയുന്ന കാപട്യക്കാരെ അല്ലാഹു തിരിച്ചറിയാൻ വേണ്ടിയുമാകുന്നു അത്. സത്യവിശ്വാസത്തോടുള്ളതിനെക്കാൾ കൂടുതൽ അടുപ്പം അന്ന് അവർക്ക് അവിശ്വാസത്തോടായിരുന്നു. തങ്ങളുടെ വായ്കൊണ്ട് അവർ പറയുന്നത് അവരുടെ ഹൃദയങ്ങളിലില്ലാത്തതാണ്. അവർ മറച്ചുവെക്കുന്നതിനെക്കുറിച്ച് അല്ലാഹു കൂടുതൽ അറിയുന്നവനാകുന്നു.

١٦٨ ٱلَّذِينَ قَالُواْ لِإِخۡوَٰنِهِمۡ وَقَعَدُواْ لَوۡ أَطَاعُونَا
مَا قُتِلُواْۗ قُلۡ فَٱدۡرَءُواْ عَنۡ أَنفُسِكُمُ
ٱلۡمَوۡتَ إِن كُنتُمۡ صَٰدِقِينَ ١٦٨

(യുദ്ധത്തിനുപോകാതെ) വീട്ടിലിരിക്കുകയും (യുദ്ധത്തിന് പോയ) സഹോദരന്മാരെക്കുറിച്ച്, ഞങ്ങളുടെ വാക്ക് സ്വീകരിച്ചിരുന്നെങ്കിൽ അവർ കൊല്ലപ്പെടുമായിരുന്നില്ല എന്ന് പറയുകയും ചെയ്തവരാണവർ(കപടന്മാർ). പറയുക. എന്നാൽ നിങ്ങൾ സത്യവാന്മാരാണെങ്കിൽ നിങ്ങളിൽ നിന്ന് മരണത്തെ നിങ്ങൾ തടുത്തുനീർത്തൂ.

أَصَابَ ബാധിച്ചു,വന്നുഭവിച്ചു, ആപത്ത് വരുത്തിവെച്ചു مُصِيبَةٌ ബാധിച്ച കാര്യം, വിപത്ത്, أَصَبْتُم നിങ്ങൾ ആപത്ത് വരുത്തിവെച്ചു, مِثْلَي രണ്ടുമടങ്ങ്, ഇരട്ടി, قُلْتُمْ നിങ്ങൾ പറഞ്ഞു, أَنَّى എങ്ങനെ, എന്തുകൊണ്ട്, مِنْ عِنْدِ أَنْفُسِكُمْ നിങ്ങളുടെ പക്കൽനിന്നുതന്നെ, شَيْءٍ عَلَى كُلِّ ഏത് കാര്യത്തിനും, قَدِيرٌ കഴിവുള്ളവൻ, الْتَقَى ഏറ്റുമുട്ടി, കണ്ടുമുട്ടി, الْجَمْعَان രണ്ട് സംഘങ്ങൾ, اِذْنٌ അനുമതി, لِيَعْلَمَ അറിയാൻവേണ്ടി, തിരിച്ചറിയാൻവേണ്ടി, نَافَقُوا അവർ കാപട്യം കാണിച്ചു, الَّذِينَ نَافَقُوا കപടന്മാർ, കാപട്യം കാണിച്ചവർ, قِيلَ പറയപ്പെട്ടു, تَعَالَوْا നിങ്ങൾ വരൂ, اِدْفَعُوا നിങ്ങൾ പ്രതിരോധിക്കൂ, ചെറുക്കൂ, (ഭൂ.ക്രി دَفَعَ), لَوْ نَعْلَمُ ഞങ്ങൾ അറിഞ്ഞിരുന്നെങ്കിൽ, ഞങ്ങൾക്ക് ബോധ്യമുണ്ടായിരുന്നെങ്കിൽ, قِتَالٌ യുദ്ധം, لاتَّبَعْنَاكُم ഞങ്ങൾ നിങ്ങളുടെ പിന്നാലെ വരുമായിരുന്നു, (ഭൂ.ക്രി اِتَّبَعَ), يَوْمَئِذٍ ആ ദിവസം, അന്ന്, اَقْرَبُ കൂടുതൽ അടുത്തവൻ, لِلْكُفْرِ അവിശ്വാസത്തോട്, സത്യനിഷേധത്തോട്, لِلإِيمَانِ വിശ്വാസത്തോട്, يَقُولُونَ

അവർ പറയുന്നു, (ഭൂ.ക്രി قَالَ), أَفْوَاهٌ വായകൾ, (ഏ.വ. فُو), مَالَيْسَ ഇല്ലാത്തത്, قُلُوبٌ ഹൃദയങ്ങൾ (ഏ.വ قَلْبٌ), أَعْلَمُ കൂടുതൽ അറിവുള്ളവൻ, يَكْتُمُونَ അവർ മറച്ചുവെക്കുന്നു (ഭൂ.ക്രി كَتَمَ), الَّذِينَ قَالُوا പറഞ്ഞവർ, اِخْوَانٌ സഹോദരന്മാർ, (ഏ.വ أَخٌ), قَعَدَ ഇരുന്നു, പോകാതിരുന്നു, لَوْ اَطَاعُونَا അവർ ഞങ്ങളെ അനുസരിച്ചെങ്കിൽ, مَا قُتِلُوا അവർ കൊല്ലപ്പെടില്ലായിരുന്നു, قُلْ പറയൂ, (ഭൂ.ക്രി قَالَ), اِدْرَءُوا നിങ്ങൾ തടുക്കൂ, مَوْتٌ മരണം, صَادِقِينَ സത്യവാന്മാർ (ഏ.വ صَادِقٌ), اِنْ كُنْتُم നിങ്ങൾ ആണെങ്കിൽ,

ഉഹ്ദ് യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിക്കപ്പെട്ടതത്രെ ഈ സൂക്തങ്ങൾ. മുമ്പ് വിവരിച്ചതുപോലെ ഉഹ്ദ് യുദ്ധത്തിന്റെ തുടക്കത്തിലും അവസാനത്തിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ സത്യവിശ്വാസികൾക്കാണ് വിജയമുണ്ടായത്. അതിന്നിടയിൽ, നബി(സ) തന്ത്രപ്രധാനമായ സ്ഥലത്ത് കാവൽ നിർത്തിയിരുന്ന സൈനികർ അവിടുത്തെ ആജ്ഞയ്ക്ക് വിരുദ്ധമായി സ്ഥലം വിട്ടതിനാൽ ആ വിടവിലൂടെ കയറിവന്ന ശത്രുക്കൾ ഓർക്കാപ്പുറത്ത് നടത്തിയ ആക്രമണത്തിലാണ് മുസ്‌ലിംകൾക്ക് ഗുരുതരമായ നഷ്ടങ്ങൾ സംഭവിച്ചത്. ഇതിന്റെ പേരിൽ അല്ലാഹുവെയോ റസൂലി(സ)നെയോ സംബന്ധിച്ച് മോശമായ ധാരണ വെച്ചുപുലർത്തുന്നതിന് യാതൊരു ന്യായവുമില്ല. എന്നാലും മുസ്‌ലിംകളിലെ ചില ദുർബല മനസ്കരും കപടന്മാരും ഉഹ്ദിന്റെ പേരിൽ വേവലാതിപ്പെട്ടുകൊണ്ടേയിരുന്നു. തങ്ങൾ പൊരുതുന്നത് അല്ലാഹുവിന്റെ മാർഗത്തിലായിട്ടും നബി(സ) കൂടെയുണ്ടായിട്ടും ഈ തിരിച്ചടിയുണ്ടായത് എന്തുകൊണ്ടാണെന്ന് അവർ മറ്റു വിശ്വാസികളോട് ചോദിച്ചു. അതിനുള്ള മറുപടിയത്രെ ഈ സൂക്തങ്ങളിലുള്ളത്.

ബദ്‌റിലും ഉഹ്ദിലും അല്ലാഹുവിന്റെ സഹായം സത്യവിശ്വാസികൾക്ക് ലഭിച്ചിട്ടുണ്ട്. ബദ്‌റിൽ തികഞ്ഞ അച്ചടക്കത്തോടും ആത്മാർഥതയോടും കൂടെ പൊരുതിയ സത്യവിശ്വാസികൾക്ക് ശത്രുക്കളിൽ നിന്ന് എഴുപത് പേരെ വധിക്കാനും എഴുപത് പേരെ ബന്ദികളാക്കാനും സാധിച്ചു. മുസ്‌ലിംകൾക്ക് വേണമെങ്കിൽ അവരെയും വധിക്കാമായിരുന്നു. എന്നാൽ മോചനദ്രവ്യം വാങ്ങി അവരെ വിട്ടയക്കുകയാണ് ചെയ്തത്. ഉഹ്ദിൽ എഴുപത് മുസ്‌ലിംകൾ കൊല്ലപ്പെടാനിടയായത് പടയാളികളിൽ ചിലരുടെ അച്ചടക്ക രാഹിത്യം നിമിത്തമാണ്. അച്ചടക്കം ലംഘിച്ചാലും കുഴപ്പമുണ്ടാവുകയില്ലെന്ന് അല്ലാഹുവോ റസൂലോ(സ) പറഞ്ഞിട്ടില്ല. ഒരു സമൂഹത്തിലെ കുറച്ചുപേർ കുറ്റം ചെയ്താൽ അത് നിമിത്തം നിരപരാധികൾക്കും കഷ്ടനഷ്ടങ്ങൾ നേരിടാനിടയുണ്ട്.

وَٱتَّقُوا۟ فِتْنَةً لَّا تُصِيبَنَّ ٱلَّذِينَ ظَلَمُوا۟ مِنكُمْ خَآصَّةً ۖ وَٱعْلَمُوٓا۟ أَنَّ ٱللَّهَ شَدِيدُ ٱلْعِقَابِ ﴿٢٥﴾

“ഒരു പരീക്ഷണം(ശിക്ഷ) വരുന്നത് നിങ്ങൾ സൂക്ഷിച്ചുകൊള്ളുക. അത് ബാധിക്കുന്നത് നിങ്ങളിൽ നിന്നുള്ള അക്രമികൾക്ക് പ്രത്യേകമായിട്ടാവുകയില്ല. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്ന് നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക” (വി.ഖു 8:25)

ബാധിക്കുന്ന കാര്യം അഥവാ വിപത്ത് എന്നാണ് مصيبةٌ എന്ന പദത്തിന്റെ അർഥം. യുദ്ധരംഗത്തോ യാത്രയിലോ സംഭവിക്കുന്ന മരണം, പരിക്ക്, ബന്ധനം, ദുഷ്പ്രവൃത്തികളുടെ ഭവിഷ്യത്ത് എന്നിവയെ വിവിധ ഖുർആൻ സൂക്തങ്ങളിൽ മുസ്വീബ(മുസ്വീബത്ത്) എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. സത്യനിഷേധികളായി മരിക്കുന്നവർക്ക് ഇവയൊക്കെ മഹാവിപത്തുതന്നെ. സത്യവിശ്വാസികൾ വിപത്തുകൾ നേരിടുമ്പോൾ ക്ഷമിക്കുകയാണെങ്കിൽ അതവർക്ക് ഇഹലോകത്തോ പരലോകത്തോ ഗുണകരമായി കലാശിക്കും.

ആർക്കും ഏത് വിപത്തും ബാധിക്കുന്നത് അല്ലാഹുവിന്റെ തീരുമാനപ്രകാരമാണ്. എന്നാലും മനുഷ്യരുടെ അതിക്രമമോ അനാസ്ഥയോ അശ്രദ്ധയോ നിമിത്തമാണ് വിപത്തു ണ്ടാകുന്നതെങ്കിൽ അവർ അതിന് ഉത്തരവാദികളായിരിക്കും.

مَآ أَصَابَ مِن مُّصِيبَةٍ فِى ٱلْأَرْضِ وَلَا فِىٓ أَنفُسِكُمْ إِلَّا فِى كِتَٰبٍ مِّن قَبْلِ أَن نَّبْرَأَهَآ ۚ إِنَّ ذَٰلِكَ عَلَى ٱللَّهِ يَسِيرٌ

“ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങളിൽ തന്നെയോ യാതൊരു ആപത്തും ബാധിക്കുകയുണ്ടായിട്ടില്ല; അതിനെ നാം ഉണ്ടാക്കുന്നതിന് മുമ്പുതന്നെ ഒരു രേഖയിൽ അത് ഉൾപ്പെട്ടുകഴിഞ്ഞതായിട്ടല്ലാതെ. തീർച്ചയായും അത് അല്ലാഹുവെ സംബന്ധിച്ചേടത്തോളം എളുപ്പമുള്ളതാകുന്നു.”(വി.ഖു 57:22)

مَآ أَصَابَ مِن مُّصِيبَةٍ إِلَّا بِإِذْنِ ٱللَّهِ ۗ وَمَن يُؤْمِنۢ بِٱللَّهِ يَهْدِ قَلْبَهُۥ ۚ وَٱللَّهُ بِكُلِّ شَىْءٍ عَلِيمٌ ﴿١١﴾

“അല്ലാഹുവിന്റെ അനുമതി പ്രകാരമല്ലാതെ യാതൊരു വിപത്തും ബാധിച്ചിട്ടില്ല. വല്ലവനും അല്ലാഹുവിൽ വിശ്വസിക്കുകയാണെങ്കിൽ അവന്റെ ഹൃദയത്തെ അവൻ നേർവഴിയിലാക്കും. അല്ലാഹു ഏത് കാര്യത്തെക്കുറിച്ചും അറിവുള്ളവനാകുന്നു.”(വി.ഖു 64:11)

مَّآ أَصَابَكَ مِنْ حَسَنَةٍ فَمِنَ ٱللَّهِ ۖ وَمَآ أَصَابَكَ مِن سَيِّئَةٍ فَمِن نَّفْسِكَ ۚ وَأَرْسَلْنَٰكَ لِلنَّاسِ رَسُولًا ۚ وَكَفَىٰ بِٱللَّهِ شَهِيدًا ﴿٧٩﴾

“നന്മയായി നിനക്ക് എന്തൊന്ന് വന്നുകിട്ടിയാലും അത് അല്ലാഹുവിങ്കൽ നിന്നുള്ളതാകുന്നു. നിന്നെ ബാധിക്കുന്ന ഏതൊരു തിന്മയും നിന്റെ പക്കൽ നിന്നുതന്നെ ഉണ്ടാകുന്നതാകുന്നു. (നബിയേ), നിന്നെ നാം മനുഷ്യരിലേക്കുള്ള ദൂതനായിട്ടാണ് നിയോഗിച്ചിരിക്കുന്നത്. (അതിന്) സാക്ഷിയായി അല്ലാഹു മതി.” (വി.ഖു 4:79). ലോകത്ത് നടക്കുന്ന സംഭവങ്ങളെല്ലാം -മനുഷ്യർക്ക്- ഗുണകരമായോ ദോഷകരമായോ അനുഭവപ്പെടുന്നതെല്ലാം അല്ലാഹുവിന്റെ നിശ്ചയപ്രകാരം തന്നെയാണ് സംഭവിക്കുന്നത്. മനുഷ്യരുടെ വാക്കുകളും പ്രവർത്തനങ്ങളുമെല്ലാം അല്ലാഹുവിന്റെ ഹിതത്തിന് വിധേയമാകുന്നു.

وَمَا تَشَآءُونَ إِلَّآ أَن يَشَآءَ ٱللَّهُ رَبُّ ٱلْعَٰلَمِينَ ﴿٢٩﴾

“നിങ്ങളെയും നിങ്ങൾ നിർമിക്കുന്നവയെയും സൃഷ്ടിച്ചത് അല്ലാഹുവാകുന്നു.” (വി.ഖു 37:96). “ലോക ര

ക്ഷിതാവായ അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിലല്ലാതെ നിങ്ങൾ ഉദ്ദേശിക്കുകയില്ല."(വി.ഖു 81:29)

അല്ലാഹുവിന്റെ ഹിതപ്രകാരം സംഭവിക്കുന്ന കാര്യങ്ങളുടെ പേരിൽ മനുഷ്യർക്ക് പ്രതിഫലമോ ശിക്ഷയോ ലഭിക്കുന്നത് ആ കാര്യങ്ങളോട് അവരുടെ വിചാരങ്ങളും വാക്കുകളും വർത്തനങ്ങളും എങ്ങനെ ബന്ധപ്പെടുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്. അല്ലാഹുവിന്റെ നടപടി സന്തോഷകരമായി അനുഭവപ്പെട്ടാൽ അവന് നന്ദി പ്രകടിപ്പിക്കുകയും ദു:ഖകരമായി അനുഭവപ്പെട്ടാൽ ക്ഷമിക്കുകയും ചെയ്യുക എന്നതായിരിക്കണം സത്യവിശ്വാസികളുടെ നിലപാട്. നന്ദിക്കും ക്ഷമയ്ക്കും അല്ലാഹു മഹത്തായ പ്രതിഫലം നല്കും. സന്തോഷകരമായ സംഭവമുണ്ടായാൽ പൊറുതികേട് കാണിക്കുകയും മറ്റാരുടെയെങ്കിലും മേൽ കുറ്റം ചുമത്തുകയും ചെയ്യുക എന്നതായിരിക്കും സത്യനിഷേധികളുടെ നിലപാട്. തെറ്റായ ആ രണ്ടു തരം പ്രതികരണങ്ങളും അല്ലാഹുവിന്റെ ശിക്ഷയ്ക്ക് നിമിത്തമായിത്തീരും. ഈ വിധത്തിലുള്ളതായിരുന്നു ഉഹ്ദ് യുദ്ധത്തിൽ അല്ലാഹുവിന്റെ ഹിത പ്രകാരം സംഭവിച്ച കഷ്ടനഷ്ടങ്ങളുടെ കാര്യത്തിൽ കപടന്മാരുടെ പ്രതികരണം. 3:166–68 സൂക്തങ്ങൾ ഈ വിഷയത്തിലേക്ക് വെളിച്ചം വീശുന്നു.

രണ്ടു സൈനിക സംഘങ്ങൾ ഏറ്റുമുട്ടിയ ദിവസം എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടത് ഉഹ്ദ് യുദ്ധദിനമാകുന്നു. മക്കയിലെ ഖുറൈശികളും സഖ്യകക്ഷികളും ചേർന്നതാണ് മദീനയിലെ മുസ്‌ലിംകളെ ആക്രമിച്ചു തകർക്കാൻ ഉഹ്ദിൽ എത്തിയ ശത്രുസൈന്യം. മദീനയെയും ഇസ്‌ലാമിനെയും പ്രതിരോധിക്കാൻ വേണ്ടി ഉഹ്ദിലേക്ക് നീങ്ങിയ മുസ്‌ലിം സൈന്യത്തോടൊപ്പം വിശ്വാസം ഉള്ളിൽ തട്ടാത്ത ഏതാനും കപടന്മാരും ഉണ്ടായിരുന്നു. വഴിമധ്യേ അവർ മദീനയിലേക്കു തന്നെ മടങ്ങി. അല്ലാഹു വിധിച്ചത് വിജയമാണെങ്കിലും രക്ത സാക്ഷിത്വമാണെങ്കിലും സർവാത്മനാ സ്വീകരിക്കാനുള്ള സന്നദ്ധതയോടെയാണ് യഥാർഥ വിശ്വാസികൾ പടക്കളത്തിൽ ഇറങ്ങുന്നത്. എന്നാൽ ദൃഢവിശ്വാസമില്ലാത്തവരുടെ അവസ്ഥ അങ്ങനെയല്ല. ജീവത്യാഗത്തിന് അവരുടെ മനസ്സ് പാകപ്പെട്ടിട്ടുണ്ടാവില്ല.

യുദ്ധത്തിൽ ജീവനഷ്ടവും പരിക്കും നേരിടുമ്പോൾ ദൃഢവിശ്വാസമുള്ളവരെയും ഇല്ലാത്തവരെയും ഇരു വിഭാഗത്തിന്റെയും പ്രതികരണങ്ങളുടെ അടിസ്ഥാനത്തിൽ തിരിച്ചറിയാൻ കഴിയും. ഇതാണ് ഉഹ്ദിൽ സംഭവിച്ചത്. മനുഷ്യരുടെ മനസ്സുകളിലുള്ളത് അവർ വെളിപ്പെടുത്തിയില്ലെങ്കിലും അല്ലാഹുവിന് അറിയാമെന്ന് അനേകം ഖുർആൻ സൂക്തങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. അതുപോലെ അവരുടെ ഭൂതകാലവും ഭാവിയുമെല്ലാം അറിയുന്നവനാണ് അവൻ. എന്നാൽ അവർക്ക് അല്ലാഹു പ്രതിഫലവും ശിക്ഷയും നല്കുന്നത് അവരുടെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും പ്രതികരണങ്ങളിലൂടെയും പ്രകടമായതിന്റെ അടിസ്ഥാനത്തിലാകുന്നു.

أَمْ حَسِبْتُمْ أَن تُتْرَكُوا۟ وَلَمَّا يَعْلَمِ ٱللَّهُ ٱلَّذِينَ جَٰهَدُوا۟ مِنكُمْ وَلَمْ يَتَّخِذُوا۟ مِن دُونِ ٱللَّهِ وَلَا رَسُولِهِۦ وَلَا ٱلْمُؤْمِنِينَ وَلِيجَةً ۚ وَٱللَّهُ خَبِيرٌۢ بِمَا تَعْمَلُونَ ﴿١٦﴾

“അതല്ല, നിങ്ങളിൽ നിന്ന് സമരം ചെയ്യുകയും, അല്ലാഹുവിനും അവന്റെ ദൂതനും സത്യവിശ്വാസികൾക്കും പുറമെ യാതൊരു രഹസ്യ കൂട്ടുകെട്ടും സ്വീകരിക്കാതിരിക്കുകയും ചെയ്തവർ ആരെന്ന് അല്ലാഹു അറിഞ്ഞിട്ടല്ലാതെ നിങ്ങളെ വിട്ടേക്കുമെന്ന് നിങ്ങൾ ധരിച്ചിരിക്കുകയാണോ? അല്ലാഹുവാകട്ടെ നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു."(വി.ഖു 9:16)

وَلَقَدْ فَتَنَّا ٱلَّذِينَ مِن قَبْلِهِمْ ۖ فَلَيَعْلَمَنَّ ٱللَّهُ ٱلَّذِينَ صَدَقُوا۟ وَلَيَعْلَمَنَّ ٱلْكَٰذِبِينَ ﴿٣﴾

“അവരുടെ മുമ്പുണ്ടായിരുന്നവരെ നാം പരീക്ഷിച്ചിട്ടുണ്ട്. അപ്പോൾ സത്യം പറഞ്ഞവർ ആരെന്ന് അല്ലാഹു അറിയുക തന്നെ ചെയ്യും. കള്ളം പറയുന്നവരെയും അവനറിയും.” (വി.ഖു 29:3)

മദീനയിൽ നന്ന് നബി(സ)യോടൊപ്പം ഉഹ്ദിലേക്ക് ശത്രുസൈന്യത്തെ ചെറുത്തുതോല്പിക്കാൻ വേണ്ടി പുറപ്പെട്ടത് ആയിരം പേരായിരുന്നു. അവരുടെ കൂട്ടത്തിൽ നിന്ന് അബ്ദുല്ലാഹിബ്നു ഉബയ്യിന്റെ നേതൃത്വത്തിൽ മുന്നൂറ് കപടന്മാർ മദീനയിലേക്ക് തന്നെ മടങ്ങി. ഇവർ മദീനയിൽ മുസ്‌ലിം സമൂഹത്തോടൊപ്പം ജീവിച്ചിരുന്നവരാണ്. സത്യവിശ്വാസം മനസ്സിൽ കടന്നിട്ടില്ലെങ്കിലും അവരെ മുസ്‌ലിം സമൂഹത്തിന്റെ ഭാഗമായിട്ടാണ് എല്ലാവരും കണക്കാക്കിയിരുന്നത്. പള്ളിയിൽ വരുകയും ജമാഅത്ത് നമസ്കാരങ്ങളിൽ പങ്കെടുക്കുകയും ചെയ്യുന്നവരായിരുന്നു അവർ. നബി(സ)യും സത്യവിശ്വാസികളും ശത്രുക്കളെ പ്രതിരോധിക്കാൻ പുറപ്പെടുമ്പോൾ മാറിനിന്നാൽ പെട്ടെന്ന് തന്നെ തങ്ങളുടെ കാപട്യം തിരിച്ചറിയപ്പെടും എന്ന ആശങ്കകൊണ്ടായിരിക്കാം അവർ ഉഹ്ദിലേക്ക് പുറപ്പെടാൻ തീരുമാനിച്ചത്. വഴി മധ്യേ എന്തെങ്കിലും കാരണം പറഞ്ഞു മടങ്ങിയാൽ മുസ്‌ലിം അണികളിൽ ആശയക്കുഴപ്പമുണ്ടാക്കാം എന്നും അവർ ആലോചിച്ചിട്ടുണ്ടാകാം.

മദീനയിലേക്ക് തന്നെ തിരിച്ചുപോകാനൊരുങ്ങിയ കപടന്മാരോട് അവരുടെ ബാധ്യതയെക്കുറിച്ച് യഥാർഥ വിശ്വാസികൾ ഓർമിപ്പിച്ചു: ‘നിങ്ങൾ അവകാശപ്പെടുന്നതുപോലെ നിങ്ങൾ ഇസ്‌ലാമിക ആദർശം ഉൾക്കൊണ്ടിട്ടുള്ളവരാണെങ്കിൽ അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ പോരാടണം. അത്രത്തോളം ആദർശ പ്രതിബദ്ധതയില്ലെങ്കിൽ നിങ്ങൾ കൂടി ഉൾക്കൊള്ളുന്ന മദീനയിലെ സമൂഹത്തിന്റെ സുരക്ഷയ്ക്കുവേണ്ടി പ്രതിരോധിക്കാൻ നിങ്ങൾ സന്നദ്ധരാകണം. അതിന് കപടന്മാരുടെ മറുപടി, ‘ഒരു യുദ്ധമുണ്ടാകുമെന്ന് ഞങ്ങൾ കരുതുന്നില്ല. അതുകൊണ്ടാണ് ഞങ്ങൾ തിരിച്ചുപോകുന്നത്. യുദ്ധമുണ്ടാകുമെന്ന് ബോധ്യമായിരുന്നെങ്കിൽ, ഞങ്ങളും നിങ്ങളുടെ പിന്നാലെ ഉഹ്ദിലേക്ക് നീങ്ങുമായിരുന്നു’ എന്നായിരുന്നു.

ബദ്റിലെ പരാജയത്തിന് പ്രതികാരം ചെയ്യാൻ ദൃഢനിശ്ചയം ചെയ്തുകൊണ്ടാണ് അബൂസുഫ്‌യാന്റെ നേതൃത്വത്തിലുള്ള ശത്രുക്കൾ മദീനയുടെ നേർക്ക് നീങ്ങിയിട്ടുള്ളതെന്ന് കപടന്മാർക്ക് വ്യക്തമായി അറിയാമായിരുന്നു. യുദ്ധത്തിൽ നിന്ന് ഒഴിഞ്ഞുനില്ക്കാൻ വേണ്ടിയുള്ള ഒരു ഒഴികഴിവ് മാത്രമായിരു

ന്നു യുദ്ധത്തിന് സാധ്യത കാണുന്നില്ലെന്ന അവരുടെ വാദം.

ഈ കപടന്മാർ ബഹുദൈവാരാധക സമൂഹത്തിന്റെയോ മദീനയിലെ ജൂതസമുദായത്തിന്റെയോ ഭാഗമായിരുന്നില്ല. സത്യവിശ്വാസികളായ മുസ്‌ലിംകളോടൊപ്പമാണ് ബാഹ്യമായി അവരുടെ ജീവിതമെങ്കിലും ഇസ്‌ലാമിനും മുസ്‌ലിംകൾക്കും പ്രതാപവും വിജയവും ഉണ്ടാകുന്നത് അവർ ഇഷ്ടപ്പെട്ടിരുന്നില്ല. അതുകൊണ്ടാണ് വിശ്വാസത്തോടുള്ളതിനേക്കാൾ കൂടുതൽ അടുപ്പം അവർക്ക് അവിശ്വാസത്തോടാണെന്ന് അല്ലാഹു പറഞ്ഞത്. ഇവരുടെ ചാഞ്ചാട്ടത്തെയും ആത്മാർഥതയില്ലായ്മയെയും കുറിച്ച് പല സൂക്തങ്ങളിൽ പരാമർശിച്ചിട്ടുണ്ട്.

إِنَّ ٱلْمُنَٰفِقِينَ يُخَٰدِعُونَ ٱللَّهَ وَهُوَ خَٰدِعُهُمْ وَإِذَا قَامُوٓا۟ إِلَى ٱلصَّلَوٰةِ قَامُوا۟ كُسَالَىٰ يُرَآءُونَ ٱلنَّاسَ وَلَا يَذْكُرُونَ ٱللَّهَ إِلَّا قَلِيلًا ﴿١٤٢﴾ مُّذَبْذَبِينَ بَيْنَ ذَٰلِكَ لَآ إِلَىٰ هَٰٓؤُلَآءِ وَلَآ إِلَىٰ هَٰٓؤُلَآءِ ۚ وَمَن يُضْلِلِ ٱللَّهُ فَلَن تَجِدَ لَهُۥ سَبِيلًا ﴿١٤٣﴾

"തീർച്ചയായും കപട വിശ്വാസികൾ അല്ലാഹുവെ വഞ്ചിക്കാൻ നോക്കുകയാണ്. യഥാർഥത്തിൽ അല്ലാഹു അവരെ വഞ്ചിതരാക്കുകയാണ്. അവർ നമസ്കാരത്തിന് നിന്നാൽ ഉദാസീനരായിക്കൊണ്ടും ആളുകളെ കാണിക്കാനുമാണ് നില്ക്കുന്നത്. കുറച്ച് മാത്രമേ അവർ അല്ലാഹുവെ ഓർമിക്കുകയുള്ളൂ. ഈ കക്ഷിയിലേക്കോ ആ കക്ഷിയിലേക്കോ ചേരാതെ അതിനിടയിൽ ആടിക്കൊണ്ടിരിക്കുന്നവരാണവർ. വല്ലവനെയും അല്ലാഹു വഴിതെറ്റിച്ചാൽ അവന് പിന്നെ ഒരു മാർഗവും നീ കണ്ടെത്തുകയില്ല."(വി.ഖു 4:142, 143)

وَيَحْلِفُونَ بِٱللَّهِ إِنَّهُمْ لَمِنكُمْ وَمَا هُم مِّنكُمْ وَلَٰكِنَّهُمْ قَوْمٌ يَفْرَقُونَ ﴿٥٦﴾

"തീർച്ചയായും അവർ നിങ്ങളുടെ കൂട്ടത്തിൽ പെട്ടവരാണെന്ന് അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്ത് അവർ പറയും. എന്നാൽ അവർ നിങ്ങളുടെ കൂട്ടത്തിൽ പെട്ടവരല്ല. പക്ഷേ, അവർ പേടിച്ചു കഴിയുന്ന ഒരു ജനവിഭാഗമാകുന്നു."(വി.ഖു 9:56)

ഒരാൾ സത്യവിശ്വാസിയാണെങ്കിൽ അയാളുടെ വാക്കും പ്രവൃത്തിയും സത്യത്തിന് നിരക്കുന്നതായിരിക്കണം. നേരെ ചൊവ്വേ ഉള്ളതായിരിക്കണം. അത് മനുഷ്യന്റെ ശുദ്ധ പ്രകൃതിയുടെ തന്നെ താല്പര്യമാണ്. മനസ്സിലുള്ളതിന് വിരുദ്ധമായി അഥവാ സത്യമാണെന്ന് ബോധ്യമുള്ളതിന് വിരുദ്ധമായി ഒരാൾ സംസാരിച്ചാൽ കാപട്യത്തിന്റെ അടയാളമാണത്. മറ്റുള്ളവരെ കബളിപ്പിക്കാൻ വേണ്ടിയാണ് അങ്ങനെ സംസാരിക്കുന്നത്. മദീനയിലുണ്ടായിരുന്ന കപടന്മാർ മനസ്സാക്ഷിക്ക് വിരുദ്ധമായാണ് മിക്കപ്പോഴും സംസാരിച്ചിരുന്നത് അതിനെക്കുറിച്ചാണ് 3:167 സൂക്തത്തിന്റെ അവസാനഭാഗത്ത് പറയുന്നത്. കാപട്യത്തിന്റെ അടയാളമായി നബി(സ) എടുത്ത് പറഞ്ഞത് മൂന്ന് കാര്യങ്ങളാണ്. ഒന്ന്, സംസാരിക്കുന്നത് കള്ളമായിരിക്കുക. രണ്ട്, വാഗ്ദാനം ചെയ്താൽ ലംഘിക്കുക, മൂന്ന്, വിശ്വസിച്ച് ഏല്പിച്ചാൽ വഞ്ചിക്കുക. ഒരു മുസ്‌ലിമിൽ ഈ അടയാളങ്ങൾ പ്രകടമാവുകയാണെങ്കിൽ അയാൾ സത്യവിശ്വാസത്തിൽ നിന്നും അവക്രമായ ആദർശത്തിൽ നിന്നും വ്യതിചലിച്ചുപോകുന്നു എന്നാണർഥം.

അവസരവാദം കപടന്മാരുടെ ഒരു സ്വഭാവമായിരുന്നു. നബി(സ)യോടൊപ്പം അവർ യുദ്ധത്തിൽ പങ്കെടുത്ത സന്ദർഭത്തിലും അവർ പങ്കെടുക്കാതെ ഒഴിഞ്ഞുമാറിയ സന്ദർഭത്തിലും ഒരുപോലെ അവർ അവസരവാദപരമായ സംസാര രീതികളാണ് സ്വീകരിച്ചത്.

ٱلَّذِينَ يَتَرَبَّصُونَ بِكُمْ فَإِن كَانَ لَكُمْ فَتْحٌ مِّنَ ٱللَّهِ قَالُوٓا۟ أَلَمْ نَكُن مَّعَكُمْ وَإِن كَانَ لِلْكَٰفِرِينَ نَصِيبٌ قَالُوٓا۟ أَلَمْ نَسْتَحْوِذْ عَلَيْكُمْ وَنَمْنَعْكُم مِّنَ ٱلْمُؤْمِنِينَ ۚ فَٱللَّهُ يَحْكُمُ بَيْنَكُمْ يَوْمَ ٱلْقِيَٰمَةِ ۗ وَلَن يَجْعَلَ ٱللَّهُ لِلْكَٰفِرِينَ عَلَى ٱلْمُؤْمِنِينَ سَبِيلًا ﴿١٤١﴾

"നിങ്ങളുടെ സ്ഥിതിഗതികൾ ഉറ്റുനോക്കിക്കൊണ്ടിരിക്കുന്നവരത്രെ അവർ (കപട വിശ്വാസികൾ). നിങ്ങൾക്ക് അല്ലാഹുവിങ്കൽ നിന്ന് ഒരു വിജയം കൈവന്നാൽ അവർ പറയും; ഞങ്ങൾ നിങ്ങളുടെ കൂടെയായിരുന്നല്ലോ എന്ന്. ഇനി അവിശ്വാസികൾക്കാണ് വല്ല നേട്ടവും ഉണ്ടാകുന്നതെങ്കിൽ അവർ പറയും; നിങ്ങളുടെ മേൽ ഞങ്ങൾ വിജയ സാധ്യത നേടിയിട്ടും വിശ്വാസികളിൽ നിന്ന് നിങ്ങളെ ഞങ്ങൾ രക്ഷിച്ചില്ലേ എന്ന്. എന്നാൽ ഉയിർത്തെഴുന്നേല്പിന്റെ നാളിൽ നിങ്ങൾക്കിടയിൽ അല്ലാഹു വിധി കല്പിക്കും. വിശ്വാസികൾക്കെതിരിൽ ഒരിക്കലും അല്ലാഹു സത്യനിഷേധികൾക്ക് വഴി തുറന്നുകൊടുക്കുകയില്ല."(വി.ഖു 4:141)

ഉഹ്ദ് യുദ്ധാനന്തരം ഇതുപോലുള്ള സംസാരം കൊണ്ട് സത്യവിശ്വാസികൾക്കിടയിൽ ആശയക്കുഴപ്പമുണ്ടാക്കാൻ കപടന്മാർ ശ്രമിച്ചതിനെക്കുറിച്ചാണ് 3:168 സൂക്തത്തിൽ പരാമർശിച്ചിട്ടുള്ളത്. തങ്ങൾ നിർദേശിച്ചതുപോലെ ഉഹ്ദിലേക്ക് പോകാതെ മദീനയിൽ തന്നെ കഴിച്ചുകൂട്ടിയിരുന്നെങ്കിൽ മുസ്‌ലിംകൾ അവിടെ വെച്ച് കൊല്ലപ്പെടാൻ ഇടയാകുമായിരുന്നില്ല എന്നാണ് അവർ പറഞ്ഞത്. യുദ്ധത്തിന് പോയാലും ഇല്ലെങ്കിലും ഓരോരുത്തരുടെയും മരണം അല്ലാഹു നിശ്ചയിച്ച സമയത്ത് തന്നെ നടക്കുമെന്നാണ് ഖുർആനിൽ നിന്ന് സംശയത്തിന് ഇടയില്ലാത്ത വിധം ഗ്രഹിക്കാവുന്നത്. കപടന്മാരുടെ മരണവും അതിൽ നിന്ന് വ്യത്യസ്തമല്ല. യുദ്ധത്തിന് പോകാതെ ഭീരുത്വം കാണിച്ച് ഇരുന്നതുകൊണ്ട് ആർക്കും മരണം ഒഴിവാക്കാൻ കഴിയില്ലെന്ന് ഈ സൂക്തം വ്യക്തമാക്കുന്നു.

وَلَن يُؤَخِّرَ ٱللَّهُ نَفْسًا إِذَا جَآءَ أَجَلُهَا ۚ وَٱللَّهُ خَبِيرٌۢ بِمَا تَعْمَلُونَ ﴿١١﴾

"ഒരാൾക്കും അയാളുടെ അവധി വന്നെത്തിയാൽ അല്ലാഹു നീട്ടിക്കൊടുക്കുകയേ ഇല്ല. നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ചെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു അല്ലാഹു."(വി.ഖു 63:11) •